Web site: www.kwa.kerala.gov.in 'ജലം ജീവാമൃതം' Fax: 91-0471-2324903
Tel : 0471-2328654

# KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala – India

Draft #49 of File 2857/E1/2021/KWA Approved by Chief Engineer (HRD&GL) on 06-Jan-2023 12:01 PM - Page 1

**No.** 2857/E1/2021/KWA
**Dated:** 06.01.2023

**<u>വിജ്ഞാപനം</u>**

സൂചന :-

1. 22.09.2022 എന്നീ തീയതിയിലെ ഇതേ നമ്പർ വിജ്ഞാപനം
2. സ.ഉ.(സാധാ) നം. 1440/2022/LBR തീയതി 08.12.2022

കേരള വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത പരാതി പരിഹാര കേന്ദ്രത്തിലേക്ക് ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഒരു വർഷ കാലയളവിലേക്ക് കരാർ നിയമനം നൽകുന്നതിനായി സൂചന 1 പ്രകാരം പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ സ.ഉ.(സാധാ) നം. 1440/2022/LBR തീയതി 08.12.2022 ലെ നിർദ്ദേശത്തിന് വിധേയമായി റദ്ദാക്കിയതായും, ഇതിന്മേൽ നാളിതുവരെ സ്വീകരിച്ച അപേക്ഷകളിന്മേലുള്ള എല്ലാ നടപടികളും അവസാനിപ്പിച്ചതായും അറിയിക്കുന്നു.

SETHUKUMAR S
Chief Engineer (HRD&GL)

The document is digitally approved. Hence signature is not needed.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനരീതി - സ്ഥിരം ഒഴിവുകളിലേക്ക് അന്തിമമായി തെരഞ്ഞെടുത്ത് നിയമിക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഉദ്യോഗദായകർ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അയച്ചു കൊടുത്ത് സ്ഥിരീകരണം ലഭിച്ച ശേഷം നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1440/2022/LBR    തീയതി,തിരുവനന്തപുരം, 08-12-2022

പരാമർശം:- 1. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 28/04/2017, 15/03/2018, 07/07/2022 തീയതികളിലെ Q1/11458/2016/DE നമ്പർ കത്തുകൾ.

**ഉത്തരവ്**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന ഒഴിവുകളിൽ നടപടി സ്വീകരിച്ച് ഉദ്യോഗദായകന് ലിസ്റ്റ് നൽകുന്ന ആമുഖ കത്തിൽ നിയമനത്തിനുള്ള സംവരണക്രമം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ രേഖപ്പെടുത്തി നൽകാറുണ്ട്. എന്നാൽ മിക്ക ഉദ്യോഗദായകരും, പല ഒഴിവുകളിലേയ്ക്കും, പ്രത്യേകിച്ച് പാർട്ട് ടൈം സ്വീപ്പർ ഉൾപ്പെടെയുള്ള സ്ഥിര നിയമനങ്ങൾ നടത്തുമ്പോൾ സാമുദായിക സംവരണക്രമം, മുൻഗണന എന്നിവ പാലിക്കാതെ നിയമനങ്ങൾ നടത്തുകയും, നിയമന വിവരം ലഭ്യമാക്കി പരിശോധിക്കുമ്പോൾ പിശകുകൾ ശ്രദ്ധയിൽപ്പെടുകയും, അത്തരത്തിലുള്ള നിയമനങ്ങൾ റദ്ദാക്കി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ പിരിച്ചു വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതായും വരുന്നു. ഉദ്യോഗാർത്ഥികളുടേതല്ലാത്ത തെറ്റുകളാൽ സംജാതമാകുന്ന ഇത്തരം സാഹചര്യങ്ങൾ കാരണം തുടർന്നു വരുന്ന ഒഴിവുകളും നികത്താൻ സാധിക്കാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു.

സ്ഥിരം ഒഴിവുകളിലേക്കെങ്കിലും അന്തിമമായി തെരെഞ്ഞെടുത്തു നിയമിക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അയച്ചു കൊടുത്ത് സ്ഥിരീകരണം ലഭിച്ച ശേഷം നിയമന ഉത്തരവ് നൽകുകയാണെങ്കിൽ, പരാതികൾ ഒരു പരിധിവരെയെങ്കിലും ഒഴിവാക്കാനും, സംവരണക്രമം പാലിക്കുന്നതിനും കോടതി വ്യവഹാരങ്ങൾ ഒഴിവാക്കാനും സാധിക്കുമെന്ന് പരാമർശം 1 പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കു കീഴിലെ മുഴുവൻ സ്ഥാപനങ്ങളിലെയും PSC യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ (സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥപനങ്ങളിലെ സ്ഥിരം/കരാർ/താൽക്കാലികം) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ നികത്തേണ്ടതും സ്ഥിരം ഒഴിവുകളിലേക്ക് അന്തിമമായി

Draft #49 of File 2857/E1/2021/KWA Approved by Chief Engineer (HRD&GL) on 06-Jan-2023 12:01 PM - Page 2

തെരെഞ്ഞെടുത്ത് നിയമിക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഉദ്യോഗദായകർ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അയച്ചു കൊടുത്ത് സ്ഥിരീകരണം ലഭിച്ച ശേഷം മാത്രം നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണെന്ന് ഇതിനാൽ കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വിവിധ പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്)
പൊതുഭരണം, ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ ഭരണ വകുപ്പുകൾക്കും. (അതത് വകുപ്പുകളിലെ ഭരണ തലവന്മാർക്കും,വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും അടിയന്തര നിർദ്ദേശം നൽകുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #49 of File 2857/E1/2021/KWA Approved by Chief Engineer (HRD&GL) on 06-Jan-2023 12:01 PM - Page 3